**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035**

**ഫോൺ. 0471-2302490, 2303025**

**ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in**

---

## തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ സാകിർ റ്റി പി, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. എ1- 13302/2022/ജിമെആ കാസർഗോഡ് തീയതി. 20.09.2021
2. ഇഎ4- 68971/2021/ആവഡ തീയതി. 11.04.2022
3. നം. DHS/8718/2023-EA4 (46) തീയതി. 08.10.2024
4. ഡോ സാകിർ റ്റി പി സമർപ്പിച്ച അപേക്ഷ തീയതി. 18.10.2024
5. കത്ത് നം DHS/8718/2023-EA4 തീയതി.20.12.2024

### ഉത്തരവ് നം. DHS/8718/2023-EA4 (46) തീയതി.07-02-2025

ഡോ സാകിർ റ്റി പി (Dr Sakkir T P, PEN 913528), 19.07.2021 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് റ്റാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ ആയി സേവനത്തിൽ തുടരവെ 26.07.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. ടി നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിരുന്നില്ല. പരാമർശം (3) പ്രകാരം 21.10.2024 ന് മുൻപായി എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ

ആയതിന് അവസരം നൽകുകയും ചെയ്തിരുന്നു. ഇതിന് മറുപടിയായി പരാമർശം (4) പ്രകാരം മറുപടി സമർപ്പിച്ചിരുന്നു. 30.12.2024 11.00 എഎം ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നേരിൽ കേൾക്കുന്നതിന് ഹാജരാകുവാൻ ഡോ സാകിർ റ്റി പി യോട് പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി കത്തിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

(2) ഡോ സാകിർ റ്റി പി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. ആയത് തൃപ്തികരമല്ല. 26.07.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സാകിർ റ്റി പി യുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(4) ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സാകിർ റ്റി പി (Dr Sakkir T P, PEN 913528) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 07-02-2025 10:36:46

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sakkir T P,**

**Thalakkayil House, Velom,**

**Kozhikkode Pin- 673508**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.
3. സൂപ്രണ്ട്,
റ്റാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രി കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ